# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.835 12.06.2013-ൽ മറുപടിക്ക്**

## കടൽ ജല ശുദ്ധീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പി. ആബ്ദുള്ളക്കുട്ടി<br>ശ്രീ. ഡൊമനിക് പ്രസന്റേഷൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കടൽജല ശുദ്ധീകരണ ശാലകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) കടൽജലത്തിൽ നിന്ന് നേരിട്ട് കുടിവെള്ളം ഉത്പാദിപ്പിക്കാനുള്ള പദ്ധതി നിലവിൽ പരിഗണനയിൽ ഇല്ലെങ്കിലും കേരളത്തിൽ കുടിവെള്ള സ്രോതസ്സുകളുടെ അഭാവംമൂലം ശുദ്ധ ജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ പ്രത്യേകിച്ചും തീരപ്രദേശങ്ങളിലും കുട്ടനാട് പോലുള്ള പ്രദേശങ്ങളിലും കുഴൽകിണറുകൾ സ്ഥാപിച്ചു ലഭ്യമാകുന്ന ലവണജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന റിവേഴ്സ് ഓസ് മോസിസ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>കൂടാതെ തൃശ്ശൂർ ജില്ലയിലെ മേത്തലയും സമീപ പ്രദേശങ്ങൾക്കുമായി ഒരു പദ്ധതിക്ക് രൂപം നൽകുന്നതിനുള്ള പ്രാരംഭ നടപടികളും നടന്നു വരുന്നു. ഇതു കൂടാതെ കുമ്പളങ്ങി ഗ്രാമപഞ്ചായത്തിൽ ജൈവോർജ്ജം ഉപയോഗപ്പെടുത്തി കടൽ ജലം ശുദ്ധീകരിച്ച് പ്രതിദിനം 1 MLD ശുദ്ധ ജലവും 1MW വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റ് സ്ഥാപിക്കുവാനുള്ള പദ്ധതിയും പരിഗണനയിലുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | തനതു കുടിവെള്ള സ്രോതസ്സ് ഇല്ലാത്ത ഇടങ്ങളിൽ (കടലോര മേഖല) മേൽപ്പറഞ്ഞ മാർഗ്ഗം ഉപയോഗിച്ച് കുടിവെള്ളം എത്തിക്കാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ; | (സി) | കേരള ജല അതോറിറ്റിയുടെ നടപ്പ് സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ നൂതന സാങ്കേതികവിദ്യ ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക ചിലവാക്കി 19 പ്ലാന്റുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദമാക്കുമോ ? | (ഡി) | പ്രസ്തുത പദ്ധതി പ്രകാരം 19 പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായിട്ടുള്ള ദർഘാസ് നടപടികൾ പൂർത്തിയാക്കിയെങ്കിലും 14.05.2013 ലെ 361- മത് ബോർഡ് തീരുമാന പ്രകാരം ദർഘാസ് ക്യാൻസൽ ചെയ്തിരിക്കുന്നു. കരാറിൽ ഏർപ്പെടുന്നമുറയ്ക്ക് പ്ലാന്റ് സ്ഥാപിക്കുന്നതിനും ശുദ്ധീകരിച്ച ജലം വിതരണം ചെയ്യുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ജല അതോറിറ്റി ഒരുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ